"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലിയേറ്റീവ് കെയർ നഴ്സുമാരെ അനധികൃതമായി പിരിച്ചു വിടുന്നത്- സ.ഉ(സാധാ) നം.384/2017/തസ്വഭവ നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1813/2023/LSGD തീയതി,തിരുവനന്തപുരം, 13-09-2023

---

പരാമർശം:- 1.29/11/2017 തീയതിയിലെ സ.ഉ(സാധാ) നം.384/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2 . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കമ്മ്യൂണിറ്റി നഴ്സുമാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02/04/2023 ന് ചേർന്ന യോഗം

**ഉത്തരവ്**

2003 മുതൽ പ്രതിമാസം മൂവായിരം രൂപ മുതൽ ജോലി ചെയ്ത് തുടങ്ങിയവരും ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുന്നവരുമായ പാലിയേറ്റീവ് കെയർ നഴ്സുമാരെ പ്രൊജക്ട് നിലനിൽക്കുന്നിടത്തോളം കാലം പിരിച്ചുവിടാൻ പാടില്ല എന്ന് പരാമർശം (1) സർക്കാർ ഉത്തരവിലെ 2-ാമത്തെ പിരിവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വരികൾ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുകയാണെന്നും 2003 വർഷം ജോലിചെയ്ത് തുടങ്ങിയവരും ഇപ്പോഴും സർവീസിൽ തുടരുന്നവരും എന്ന മാനദണ്ഡമുള്ളവരെ മാത്രമാണ് ഈ ഉത്തരവിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അതിന് ശേഷം ജോലിയിൽ പ്രവേശിച്ചവരെ പിരിച്ച് വിടുന്നതിൽ തടസ്സമില്ല എന്നും വ്യാഖ്യാനിക്കുന്നു എന്ന് യോഗത്തിൽ പ്രതിനിധികൾ ആരോപണം ഉന്നയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദായി പരിശോധിച്ചു. പരാമർശം ഉത്തരവിലെ ക്രമ നമ്പർ 2 - 2003 ലും തുടർന്നുള്ള വർഷങ്ങളിലും ജോലി ചെയ്ത് തുടങ്ങിയവരും ഇപ്പോഴും പ്രസ്തുത ജോലിയിൽ തുടരുന്നവരുമായ പാലിയേറ്റീവ് കെയർ നഴ്സുമാരെ പ്രൊജക്ട് നിലനിൽക്കുന്നിടത്തോളം കാലം പിരിച്ചുവിടാൻ പാടില്ല എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്. ടി ഭേദഗതിക്ക് ടി ഉത്തരവ് തിയതി മുതൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(റൂറൽ)

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ)

സെക്രട്ടറി, പാലിയേറ്റീവ് നേഴ്സസ് ഫെഡറേഷൻ,ഇ.ബാലാനന്ദൻ സ്മാരക മന്ദിരം,

തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Reenamma P A

Date: 13-09-2023 15:18:56

സെക്ഷൻ ഓഫീസർ